പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 493      11.12.2012 -ലെ മറുപടി

## <u>എറണാകുളം ജെട്ടിയിൽ നിന്ന് കണ്ടെയ്നർ റോഡുവഴി ഗുരുവായൂർ വരെയുള്ള</u>

## <u>കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ</u>

<u>ചോദ്യം</u>      <u>ഉത്തരം</u>

ശ്രീ. എസ്. ശർമ്മ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | എറണാകുളം ജെട്ടിയിൽ നിന്നും കണ്ടെയ്നർ റോഡുവഴി ഗുരുവായൂർവരെ പ്രതിദിനം കെ.എസ്.ആർ.ടി.സി. എത്ര സർവ്വീസുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; ഈ യാത്രയ്ക്ക് കെ.എസ്.ആർ.ടി.സി. നിർണ്ണയിച്ചിരിക്കുന്ന സമയ ദൈർഘ്യം എത്രയാണെന്നും, ദൂരമെത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | എറണാകുളം ജെട്ടിയിൽ നിന്നും കണ്ടെയ്നർ റോഡു വഴി ഗുരുവായൂർ വരെ പ്രതിദിനം കെ.എസ്.ആർ.ടി.സി 36 സിംഗിൾ ട്രിപ്പുകൾ നടത്തുന്നുണ്ട്. ഈ യാത്രക്ക് ഒരു വശത്തേക്ക് 2 മണിക്കൂർ 46 മിനിട്ടാണ് അനുവദിച്ചിരിക്കുന്നത്. ദൂരം 83 കിലോമീറ്ററാണ്. |
| (ബി) | വൈപ്പിൻ ദ്വീപ് ഹൈവേ വഴി എത്ര ദീർഘദൂര സർവ്വീസുകൾ നടത്തുന്നുവെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദ്വീപുനിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് പുതിയതായി ആരംഭിച്ച സർവ്വീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ദ്വീപിൽ നിന്നും സമീപ ജില്ലകളിലേക്ക് തൊഴിലിനായി പോകുന്നവരുടെ സൗകര്യാർത്ഥം കൂടുതൽ അന്തർ ജില്ലാ സർവ്വീസുകൾ നടത്തുവാൻ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ? | (ബി) | വൈപ്പിൻ ദ്വീപ് ഹൈവേ വഴി കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസുകൾ ഒന്നും തന്നെ നടത്തുന്നില്ല.<br>ടി റൂട്ടിലൂടെ ഗോശ്രീ പാലം വഴി 45 സർവ്വീസുകളിലായി 178 ട്രിപ്പുകൾ നടത്തുന്നുണ്ട്. അതിൽ 5 സർവ്വീസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചതാണ്.<br>സമീപ ജില്ലകളിലേക്ക് തൊഴിലിനായി പോകുന്നവരുടെ സൗകര്യാർത്ഥം പുതിയ സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ